(ബി) ഇങ്ങനെ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണത്തിനായി പ്രത്യേക നിധി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മിശ്രവിവാഹിതർക്ക് ധനസഹായം

151 [1130] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും മിശ്രവിവാഹിതർക്ക് ധനസഹായം നൽകാറുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ ആകെ എത്ര പേർ പ്രസ്തുത ധനസഹായത്തിന് അപേക്ഷ നൽകി എന്നും അതിൽ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചു എന്നും നിയോജകമണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) പാലക്കാട് ജില്ലയിൽ നിലവിൽ ഇത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെടുന്ന മിശ്രവിവാഹിതർക്ക് 10,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

(ബി) മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുന്നതായിരിക്കണം.

2. ദമ്പതികളുടെ വാർഷിക വരുമാനം 12,000 രൂപയിൽ കൂടുതൽ ആകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

3. മിശ്രവിവാഹം നിയമപരമായി രജിസ്റ്റർ ചെയ്തതിന് തെളിവായുള്ള സബ്രജിസ്ട്രാറുടെയോ മറ്റ് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെയോ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

4. ദമ്പതികളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

5. ദമ്പതികൾ ഭാര്യഭർത്താക്കൻമാരായി ഒരു വർഷത്തിൽ കുറയാത്ത കാലം ഒന്നിച്ചു താമസിച്ചതായുള്ള ഗസറ്റഡ് ആഫീസർ/എം.പി./എം.എൽ.എ.-യുടെ കോ-ലിവിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

6. മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും മൂന്ന് വർഷത്തിനകവും ധനസഹായത്തിനുള്ള അപേക്ഷ നൽകിയിരിക്കണം.

7. മിശ്രവിവാഹ ധനസഹായം ഒരിക്കൽ മാത്രമേ ദമ്പതികൾക്ക് ലഭിക്കുകയുള്ളു.

8. ലഭ്യമാകുന്ന ധനസഹായം വരുമാനദായക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

(സി) പട്ടികജാതി വികസന വകുപ്പിൽ പാലക്കാട് ജില്ലയിൽ നിന്നും 141 പേർ മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ നൽകുകയുണ്ടായി. അതിൽ 115 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| *നിയോജകമണ്ഡലത്തിന്റെ പേര്* | | | *ആനുകൂല്യം ലഭിച്ചവർ* |
|---|---|---|---|
| 1. | തൃത്താല | .. | 1 |
| 2. | പട്ടാമ്പി | .. | 8 |
| 3. | ഒറ്റപ്പാലം | .. | 9 |
| 4. | ശ്രീകൃഷ്ണപുരം | .. | 5 |
| 5. | മണ്ണാർക്കാട് | .. | 4 |
| 6. | മലമ്പുഴ | .. | 15 |
| 7. | പാലക്കാട് | .. | 12 |
| 8. | ചിറ്റൂർ | .. | 11 |
| 9. | കൊല്ലംകോട് | .. | 21 |
| 10. | കുഴൽമന്ദം | .. | 9 |
| 11. | ആലത്തൂർ | .. | 20 |
| | ആകെ | .. | 115 |

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസന വകുപ്പിൽ പാലക്കാട് ജില്ലയിൽ നിന്നും 13 പേർ മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ നൽകുകയുണ്ടായി. അതിൽ 7 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| *നിയോജകമണ്ഡലത്തിന്റെ പേര്* | | | *ആനുകൂല്യം ലഭിച്ചവർ* |
|---|---|---|---|
| 1. | ചിറ്റൂർ | .. | 2 (രണ്ട്) |
| 2. | മണ്ണാർക്കാട് | .. | 5 (അഞ്ച്) |
| | ആകെ | .. | 7 (ഏഴ്) |

(ഡി) പട്ടികജാതി വികസന വകുപ്പിൽ 26 മിശ്രവിവാഹിതർക്ക് ധന സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്തിട്ടില്ല. തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ മിശ്രവിവാഹ ധനസഹായത്തിനുള്ള 6 (ആറ്) അപേക്ഷകൾ പരിഗണിക്കാനുണ്ട്. അവ പരിശോധിച്ചുവരികയാണ്.

## കൊല ചെയ്യപ്പെട്ട ജോഗിയുടെ കുടുംബത്തിന് സഹായം

152 [1131] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുത്തങ്ങയിൽ 2003 ഫെബ്രുവരി 19-ലെ വെടിവയ്പിൽ കൊല്ലപ്പെട്ട ആദിവാസി വൃദ്ധനായ ജോഗിയുടെ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ബി) ഈ കുടുബത്തെ സഹായിക്കാൻ നടപടി സ്വീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടും സഹായം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly